**കേരള സർക്കാർ**

സംഗ്രഹം

പൊതുഭരണ വകുപ്പ് - അറിയുവാനുള്ള അവകാശചട്ടം, 2005 - പൊതുജനങ്ങൾക്ക് സെക്രട്ടേറിയറ്റ് വകുപ്പുകളിൽ നിന്നും വകുപ്പുമേധാവികളുടെ ഓഫീസുകളിൽ നിന്നും വിവരങ്ങൾ നൽകുന്നതിന് അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരേയും, ഇൻഫർമേഷൻ ഓഫീസർമാരേയും സ്ഥാനനിർദ്ദേശം ചെയ്യാനുള്ള നടപടി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് ചുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപന) വകുപ്പ്**

ജി.ഒ (എം.എസ്) നം 384/2005/പൊ.ഭ.വ തീയതി, തിരുവനന്തപുരം 28-10-2005

---

പരാമർശം :-

1. 10-10-2005 ലെ ജി.ഒ (പി) നം 367/2005/പൊ.ഭ.വ നമ്പർ ഉത്തരവ്
2. 15-10-2005 ലെ 80649/സി.ഡി.എൻ 4/05/പൊ.ഭ.വ നമ്പർ സർക്കുലർ
3. 19-10-2005 ലെ ജി.ഒ (ആർ.ടി) നം 8026/2005/പൊ.ഭ.വ നം ഉത്തരവ്
4. 22-10-2005 ലെ 84216/സി.ഡി.എൻ 5/2005/പൊ.ഭ.വ നം സർക്കുലർ

**ഉത്തരവ്**

അറിയുവാനുള്ള അവകാശ ചട്ടം, 2005 വിഭാവന ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനത്ത് പരാമർശം -1 ലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ആവശ്യമായ ഔദ്യോഗിക വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന്, സെക്രട്ടേറിയറ്റ് വകുപ്പുകളിലും, വകുപ്പുമേധാവികളുടെ നിയന്ത്രത്തിലുള്ള ഓഫീസുകളിൽ, ജില്ല/ ഉപജില്ല/ സബ് ഡിവിഷൻ തലത്തിലും, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും സ്ഥാനനിർദ്ദേശം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിന് ഈടാക്കാവുന്ന ഫീസിന്റെ നിരക്കുകൾ നിർണ്ണയിച്ചുകൊണ്ടുള്ള ഉത്തരവും പുറപ്പെടുവിച്ചുകഴിഞ്ഞു.

2. ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പിലും അതിനായി സ്ഥാന നിർദ്ദേശം ചെയ്തിട്ടുള്ള. സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് നേരിട്ട് അപേക്ഷ കൊടുക്കേണ്ടതായിട്ടുണ്ട്.

വിദൂര പ്രദേശത്തുള്ളവരെ സംബന്ധിച്ചിടത്തോളം സെക്രട്ടേറിയറ്റിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമാക്കാനുള്ള ഈ സംവിധാനം ഒട്ടും പര്യാപ്തമല്ലായെന്നു മാത്രമല്ല. ഏറെ പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചെയ്യും. ഇത് പരിഹരിക്കുന്നതിന് ഇക്കാര്യത്തിൽ താഴെകൊടുത്തിരിക്കുന്ന സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) സെക്രട്ടേറിയറ്റിനെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള അപേക്ഷകളും അപ്പീലുകളും സ്വീകരിക്കുന്നതിന്, സെക്രട്ടേറിയറ്റിലുള്ള സംവിധാനത്തിനു പുറമേ സംസ്ഥാനത്തെ ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും ഒരു സീനിയർ സൂപ്രണ്ടിനെ, ഇതിനായി പ്രത്യേകം സ്ഥാനനിർദ്ദേശം ചെയ്യേണ്ടതാണ്.

(2) നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് അവർ സ്വീകരിക്കുന്ന അപേക്ഷകളും അപ്പീൽ പെറ്റീഷനുകളും, മേൽ നടപടികൾക്കായി സെക്രട്ടേറിയറ്റിലെ അതാത് വകുപ്പുമായി ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് നേതിട്ട് അയച്ചു കൊടുക്കേണ്ടതാണ്.

(3) റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിയ്ക്കുന്ന അപേക്ഷകളെ/അപ്പീൽ പെറ്റീഷനുകളെ സംബന്ധിച്ച വിവരം ഒരു രജിസ്റ്ററിൽ എഴുതി സുക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്നപക്ഷം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

(4) റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സ്ഥാന നിർദ്ദേശം ചെയ്യുന്ന സീനിയർ സൂപ്രണ്ടുമാരെ സംബന്ധിച്ച വിവരം (അവരുടെ ഫോൺ നമ്പർ ഉൾപ്പെടെ) അതാത് ആർ.ഡി.ഒ മാർ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിക്കേണ്ടതും, രേഖാമൂലം പൊതുഭരണ (ഏകോപന) വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

(5) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും, അതാത് വകുപ്പുകൾക്കായി സ്ഥാന നിർദ്ദേശം ചെയ്തിട്ടുള്ള, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ സംബന്ധിച്ച വിവരങ്ങളും (ഫോൺ നമ്പർ ഉൾപ്പെടെ) അതാത് വകുപ്പുകൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ സംബന്ധിച്ച വിവരങ്ങളും ജില്ലാ കളക്ടർമാർ മുഖേന എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ലഭ്യമാക്കേണ്ടതാണ്.

3. സെക്രട്ടേറിയറ്റിതര വകുപ്പുകളിൽ പൊതുജനങ്ങൾക്ക് വിവരം ലഭ്യമാക്കുന്നതിന് ജില്ല/ ഉപജില്ല/ സബ് ഡിവിഷണൽ തലത്തിൽ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരെ/ ഇൻഫർമേഷൻ ഓഫീസർമാരെ സ്ഥാനനിർദ്ദേശം ചെയ്യണമെന്ന് വകുപ്പുമേധാവികൾക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. അതുപോലെ എല്ലാ വകുപ്പു മേധാവികളുടെ ഓഫീസുകളിലും (ഡയറക്ടറേറ്റ്, കമ്മീഷണറേറ്റ് തുടങ്ങി) പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന്, അതാത് വകുപ്പിന്റെ പ്രവർത്തനഘടനയ്ക്ക് അനുസൃതമായി, സീനിയർ ഓഫീസർമാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും, അനുയോജ്യരായ ഓഫീസർമാരെ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും സ്ഥാനനർദ്ദേശം ചെയ്യാൻ സത്വര നടപടി

സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം വകുപ്പുമേധാവികളെ അതാത് വകുപ്പിന്റെ അപ്പലേറ്റ് അതോറിറ്റിയായി സ്ഥാനനിർദ്ദേശം ചെയ്യേണ്ടതാണ്. അപ്രകാരം സ്ഥാനനിർദ്ദേശം ചെയ്യപ്പെടുന്ന ഓഫീസർമാരെ സംബന്ധിച്ച വിവരം, വകുപ്പുമേധാവികൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഉടൻ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**പാലാട്ട് മോഹൻദാസ്**
ചീഫ് സെക്രട്ടറി

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / സെക്രട്ടറിമാർക്കും
എല്ലാ വകുപ്പുമേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും/റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആടിറ്റ്), കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
രജിസ്ട്രാർ, കേരള/മഹാത്മാ ഗാന്ധി/കാലിക്കറ്റ്/കണ്ണൂർ യൂണിവേഴ്സിറ്റികൾ
രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി, കൊച്ചി
രജിസ്ട്രാർ, കേരള അഗ്രിക്കൾച്ചാൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കാലടി, എറണാകുളം
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
മുഖ്യമന്ത്രിയുടെ സെക്രട്ടറിയ്ക്ക്
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
സെക്രട്ടേറിയറ്റിലെ എല്ലാ (പാർലമെന്റ്) വകുപ്പുകൾക്ക്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (മാദ്ധ്യമങ്ങളിലൂടെയുള്ള പ്രചരണത്തിന്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ